# STD - VI

## അദ്ധ്യാപക സഹായി

## പാഠം - രണ്ട്     അബ്രാഹം     ഭാഗം - ഒന്ന്

### ലക്ഷ്യം

ജീവിതത്തിലെ ഏതു സന്ദർഭങ്ങളിലും ദൈവത്തോട് പരിപൂർണ്ണ വിശ്വസ്തതയും അനുസരണവും പുലർത്തിയാൽ ദൈവം നമ്മെ അനുഗ്രഹിക്കും.

അബ്രാഹത്തെപ്പോലെ ദൈവം എനിക്ക് നൽകിയ വിശ്വാസം കാത്തുസൂക്ഷിക്കുകയും അനുദിനം വിശ്വാസത്തിൽ ഞാൻ വളരുകയും ചെയ്യും.

### പഠനസഹായികൾ

സ്നാപക യോഹന്നാന്റെ ജനനത്തിന്റെ കഥ, അബ്രാഹത്തിന്റെ ചിത്രം, അധ്യാപകരുടെ ജീവിതാനുഭവം. വചനം. ഉത്പ. 12:2-3

### പാഠത്തിന്റെ ഉള്ളടക്കം

* അബ്രാം - തേരായുടെ മകൻ
* ഹാരാനിൽ ആടുകളെ മേയിച്ച് ജീവിച്ചു.
* ഹാരാനിൽ വച്ച് ദൈവം വിളിക്കുന്നു
* കാനാനൻ ദേശം - ഉടമ്പടി - 'നീ അനവധി ജനതകൾക്ക് പിതാവായിരിക്കും.' (ഉത്പ. 17:5)
* അബ്രാം - അബ്രാഹം - ജനതകളുടെ പിതാവ്

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, അബ്രാഹത്തെപ്പോലെ ദൈവിക പദ്ധതികളോട് പരിപൂർണ്ണ അനുസരണവും വിധേയത്വവും ഉള്ളവരാകുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.

### ചോദ്യങ്ങൾ

1. അബ്രാഹമിന്റെ ജന്മദേശമേത്?
2. ഹാരാനിൽ നിന്ന് ദൈവം കല്പിച്ചതിനനുസരിച്ച് അബ്രാഹം പോയത് എങ്ങോട്ട്?
3. അബ്രാഹമിന്റെ പഴയ പേരെന്ത്?
4. അബ്രാഹം ആരുടെ മകനായിരുന്നു?
5. അബ്രാമിനെ ദൈവം അബ്രാഹം എന്ന പുതിയ പേര് നൽകി വിളിച്ചതുപോലെ, ബൈബിളിൽ ദൈവം പുതിയ പേരു നൽകി അനുഗ്രഹിച്ച വ്യക്തികളെ കണ്ടെത്തുക. (സാറായി - സാറാ, ശിമയോൻ - പത്രോസ്...)

# STD - VI

## അദ്ധ്യാപക സഹായി

## പാഠം - രണ്ട്         അബ്രാഹം     ഭാഗം - രണ്ട്

### ലക്ഷ്യം

നമുക്കുള്ള പ്രിയപ്പെട്ടതും സ്വന്തമായതു മുഴുവനും, നമ്മെത്തന്നെ പൂർണമായും ദൈവത്തിന് സമർപ്പിക്കുകയും, മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം.

ദൈവത്തെ ഞാൻ സ്നേഹിക്കുകയും, ഭയപ്പെടുകയും അനുസരിക്കുകയും ചെയ്യും. മറ്റുള്ളവരെ വിശ്വാസത്തിൽ വളരാൻ ഞാൻ സഹായിക്കും.

### പഠനസഹായികൾ

* ചിത്രം - അബ്രാഹത്തിന്റെയും മകന്റെയും, അബ്രാഹം മകനെ ബലിയർപ്പിക്കുന്നത്.
* വചനം. ഉത്പ. 22:2
* മഹത്വചനം - തോമസ് അക്കെമ്പിസ് എഴുതിയ ചാർട്ട്
* സമർപ്പിതരെക്കുറിച്ച് വിവരണം
* വചനം - റോമ. 8:28, 2 കോറി. 5:7

### പാഠത്തിന്റെ ഉള്ളടക്കം

* വൃദ്ധരായ അബ്രാഹത്തിനും സാറായ്ക്കും മക്കളുണ്ടായിരുന്നില്ല.
* വാഗ്ദാനങ്ങളിൽ വിശ്വസ്തനായ അബ്രാഹത്തിന് വാർദ്ധക്യത്തിൽ ദൈവം ഒരു പുത്രനെ നൽകി.
* ഇസഹാക്ക് - ചിരിക്കുന്നവൻ
* ഇസഹാക്കിനെ ദഹനബലിയായി സമർപ്പിക്കണം (ഉത്പ. 22:2)
* നീ ദൈവത്തെ ഭയപ്പെടുന്നു (ഉത്പ. 22:12)
* തനിക്ക് ഏറ്റവും വിലപ്പെട്ടത് ദൈവത്തിന് നൽകാനുള്ള അബ്രാഹത്തിന്റെ സന്നദ്ധത
* അബ്രാഹം - വിശ്വസികളുടെ പിതാവ്.
* അനുദിനം വിശ്വാസത്തിൽ നാമും വളരണം.
* പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള വചനഭാഗം പഠിപ്പിക്കുന്നു. (1) റോമ. 8:28, (2) 2 കോറി. 5:7.

### പ്രാർത്ഥന

ദൈവമേ, അങ്ങിൽ വിശ്വസിച്ചുകൊണ്ട് മറ്റുള്ളവരെ സ്നേഹിക്കുവാനും, വിശ്വാസ

ത്തിൽ വളരുവാൻ സഹായിക്കുവാനും, ഞങ്ങളുടെ പ്രിയപ്പെട്ടതെല്ലാം മടികൂടാതെ സുഹൃത്തുക്കൾക്ക് പങ്കുവയ്ക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

## ചോദ്യങ്ങൾ

1. ഇസഹാക്കിനെ ബലിയർപ്പിക്കാൻ അബ്രാഹത്തോട് പറഞ്ഞതാര്?
2. അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ പോയത് ഏത് മലയിലാണ്?
3. ഇസഹാക്കിനെ ബലികഴിക്കാൻ അബ്രാഹം തുനിഞ്ഞപ്പോൾ തടഞ്ഞതാര്?
4. വിശ്വാസികളുടെ പിതാവ് ആരാകുന്നു?
5. ഇസഹാക്ക് എന്ന പേരിന്റെ അർത്ഥം എന്ത്?